ഒരു വലന്റയിൻ കുറിപ്പ്:

# എന്നോടിഷ്ടം കൂടാമോ?

സുധീർ പണിക്കവീട്ടിൽ

കൊതി തീരും വരെ ഇവിടെ പ്രേമിച്ച് മരിച്ചവരുണ്ടോ? ഒരു മനോഹര തീരത്തിരുന്ന് അനശ്വരനായ കവി വയലാർ പാടി. സംഗീതം പ്രേമത്തിന്റെ ഭക്ഷണമാണെങ്കിൽ അത് ധാരാളമായ് എനിക്ക് തരിക എന്ന് പറഞ്ഞ്കൊണ്ടാണു ഷേക്സ്പിയർ അദ്ദേഹത്തിന്റെ ഒരു നാടകം തുടങ്ങുന്നത് തന്നെ. പ്രേമത്തിന്റെ തത്വ ശാസ്ത്രം എന്ന കവിതയിൽ ഷെല്ലി പറയുന്നു "ഈ ലോകത്തിൽ ഒന്നും ഒറ്റക്കല്ല, എല്ലാ ചരാചരങ്ങളും ദൈവീകമായ ഒരു നിയമത്താൽ ഒരാത്മാവ് എന്ന പോലെ കണ്ടുമുട്ടുന്നു, കൂടിചേരുന്നു. സൂര്യകിരണങ്ങൾ ഭൂമിയെ ചുറ്റി പിടിക്കുന്നു. ചന്ദ്രന്റെ പ്രഭാവലയങ്ങൾ കടലിനെ ഉമ്മ വക്കുന്നു. എന്നിട്ട് അദ്ദേഹം വീണ്ടും പറയുന്നു' നീ എന്നെ ചുംബിച്ചില്ലെങ്കിൽ ഈ മധുരമായ പ്രവൃത്തികൾക്ക് എന്തു വില. പ്രേമിക്കാനുള്ള മനുഷ്യന്റെ അഭിവാജ്ഞ സീമാതീതമാണു. അതേപോലെ വിപ്രലംഭ ശ്രുംഗാര ലഹരി നുണഞ്ഞ്കൊണ്ട് എത്രപേർ ഉദാത്തമായ കൃതികൾ ഭാഷക്ക് കാണിക്കവച്ചിരിക്കുന്നു.




നിലാവിന്റെ ദാവുണി ചുറ്റി നിശാഗന്ധിപൂക്കളുടെ സുഗന്ധം ശ്വസിക്കാൻ സ്വർഗത്ത് നിന്ന് ഇറങ്ങിവരുന്ന ദേവകുമാരിമാരേയും ഗന്ധർവന്മാരേയും സ്വപ്നം കാണുന്ന യുവഹൃദയങ്ങളിൽ പ്രേമത്തിന്റെ തേൻനിലാവ് ഉദിച്ചാൽ പിന്നെ അസ്തമിക്കുന്നില്ല. പ്രേമം അഭൗമമായ ഒരനുഭൂതിയായി മനുഷ്യ ഹൃദയങ്ങളിൽ എന്നും നിറഞ്ഞ് നിൽക്കുന്നു. പ്രേമിക്കാനും പ്രേമിക്കപ്പെടാനും ഒരു ദിവസം മാറ്റിവക്കുക എന്നതും എത്ര സുഖം സുഖകരം.

മഞ്ഞിന്റെ മൂടുപടം ചുറ്റി നിലാവ് മന്ദഹാസപൂക്കൾ വിതറുന്ന ഫെബ്രുവരി മാസത്തിലെ പതിന്നാലാം തിയ്യതി" ഇംഗ്ലണ്ട്, അമേരിക്ക, ഫ്രാൻസ്, തുടങ്ങി പല രാജ്യങ്ങളിലും വാലന്റയിൻ ദിവ്സമായി ആഘോഷിക്കുന്നു. ഇപ്പോൾ ഇത് ഇന്ത്യ മുതലായ രാജ്യങ്ങളിലേക്ക് പടർന്നു കയറിയിട്ടുണ്ട്.യുവഹ്രുദയങ്ങളിൽ ഹരം പകരുന്ന ഈ ദിവസത്തിന്റെ ആരംഭം എങ്ങനെ ഉണ്ടായി.. സ്നേഹിക്കുന്നവരും വാലന്റയിൻ എന്ന പുണ്യവാളനുമായി ബന്ധമൊന്നുമില്ലെന്നു കരുതുന്നവരുണ്ട്. എറ്റിമോളോജിസ്റ്റിന്റെ അഭിപ്രായത്തിൽ നോർമൻ ഭാഷയിലെ ഗാലന്റയിൻ എന്ന വാക്കാണത്രെ

വാലന്റയിൻ ആയത്. കാരണം ആ ഭാഷയിൽ 'ജി യും വി' യും ഒരേപോലെ ശബ്ദിക്കുകയും എഴുതുകയും ചെയ്തിരുന്നുവെന്നത് തന്നെ. ഗാലന്റയിൻ എന്ന വാക്കിനു ആ ഭാഷയിൽ 'പെണ്ണിന്റെ കാമുകൻ" എന്ന അർഥമുണ്ട്.

വാലന്റയിൻ എന്ന വാക്കിന്റെ പുറകിൽ അനവധി കഥകൾ പറഞ്ഞ് വരുന്നുണ്ട്. പുരാതന റോമിൽ നിന്നാണ് ഈ ആചാരം ആരംഭിച്ചത് എന്നു വിശ്വസിച്ച് പോരുന്നു. അക്കാലത്ത് ക്രിസ്തീയ വിശ്വാസികളെ  വക വരുത്തിയിരുന്ന കൂട്ടത്തിൽ വാലന്റയിൻ എന്ന ഒരു പാതിരി കൊല്ലപ്പെട്ടു. ഒന്നല്ല മൂന്നു പേർ ആ പേരിൽ കൊല്ലപ്പെട്ടിട്ടുണ്ടെന്നും അതല്ല എട്ടു പേരാണു കൊല്ലപ്പെട്ടതെന്നും അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ട്. അവരിൽ ഒരാൾ ജയിലിൽ അടക്കപ്പെട്ടപ്പോൾ ജയിലറുടെ അന്ധയായ മകൾക്ക് കാഴ്ച്ച ശക്തി വീണ്ടെടുത്ത് കൊടുത്തുവെന്നും പിന്നീട് അവളിൽ അനുരക്തനായ അദ്ദേഹം അവൾക്ക് ഒരു പ്രേമലേഖനം തയ്യാറാക്കി 'നിന്റെ വലന്റയിൻ' എന്ന് എഴുതി അയച്ചുവെന്നും വേറെ കഥ. കൊല്ലപ്പെട്ട വാലന്റയിനായി ഒരാളെ ഉണ്ടായിരുന്നുള്ളുവെന്നും മരണശേഷം അദ്ദേഹത്തെ പുണ്യവാളനായി വാഴ്ത്തുകയും, അദ്ദേഹത്തിന്റെ ഓർമ്മ ദിവസം ഫെബ്രുവരി 14നു ആഘോഷിച്ച് പോരുകയും ചെയ്തുവെന്നാണു പരക്കെയുള്ള വിശ്വാസം.

എന്നോടിഷ്ടം കൂടാമോ എന്നു ചോദിക്കുന്ന കമിതാക്കളുടെ ദിവസത്തിനു ചെന്നായ്ക്കളുമായി ബന്ധമുണ്ട് എന്നറിയുക രസകരമാണു. ഓരോ പ്രശ്നങ്ങളുടെ പരിഹാരത്തിനും ഓരോ ദേവന്മാരെ സങ്കൽപ്പിച്ച് റോമിലെ ജനത ചെന്നായ്ക്കളിൽ നിന്നുള്ള ഉപദ്രവം മാറാൻ 'ലുപ്രക്കസ്'' എന്ന ദേവനെ സമീപിച്ചു. ഈ ദേവനു ചെന്നായ്ക്കളിൽ നിന്ന് ഗ്രീക്കുകാരെ സംരക്ഷിച്ച  അവരുടെ പാൻ എന്ന ദൈവത്തോടെ സാദ്യശ്യം കാണുന്നുണ്ട്. ഫെബ്രുവരി 15നു റോമിലെ ജനങ്ങൾ ലൂപ്രക്കസ് എന്ന ദേവനു വേണ്ടി ഒരു ഉത്സവം കൊണ്ടാടിയിരുന്നു.

മേൽപ്പറഞ്ഞ ആഘോഷങ്ങൾ ഒരുമിച്ച് ചേർത്ത് ഫെബ്രുവരി 14 വാലന്റയിൻ ദിവസം ആയി ആഘോഷിച്ചു പോന്നു എന്നും വിശ്വസിക്കുന്നു. പ്രസ്തുത ഉത്സവങ്ങളുടെ ഭാഗമായി റോമാക്കാർ പെൺകുട്ടികളുടെ പേരുകൾ എഴുതി നറുക്കിടുകയും നറുക്ക് കിട്ടുന്ന യുവാവ് അവളെ ഒരു വർഷത്തേക്ക് തന്റെ വാലന്റയിൻ ആയി സങ്കൽപ്പിച്ച് പോരുകയും ചെയ്തു. പക്ഷെ ഇങ്ങനെ ഒരു സംഭവം അവൾ പലപ്പോഴും അറിഞ്ഞിരുന്നില്ലെന്നുള്ളത് ഒരു ദുഃഖ സത്യം. ക്രിസ്തു മതത്തിന്റെ പ്രചാരത്തിനൊപ്പം ഇതിനു മാറ്റം വന്നു. ഇടവകയിലെ പെൺകുട്ടികളുടെ പേരിനു പകരം ഓരോ പുണ്യാളന്മാരുടെ പേരുകൾ എഴുതി നറുക്കിട്ടു തുടങ്ങി. എന്നിട്ട് ആ പുണ്യാളന്റെ സ്വഭാവവിശേഷങ്ങൾ സ്വന്തം ജീവിതത്തിൽ പകർത്തി നല്ല ജീവിതം കൈവരിക്കാൻ അവരെ പ്രോത്സാഹിപ്പിച്ചു. പക്ഷെ ഈ വ്യവസ്ഥ യുവാക്കൾക്ക് അപ്രിയമായിരുന്നു. അവർ വീണ്ടും പഴയ ആചാരത്തിലേക്ക് തിരിച്ചുപോയി.

പതിനാറാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഫ്രാൻസിൽ നിലവിരുന്ന ആചാരം കുറെകൂടി വ്യത്യസ്ഥമായിരിന്നു. അവിടെ കുമാരന്മാരുടേയും കുമാരിമാരുടേയും പേരുകൾ സമാസമം ഒരു കടലസ്സിൽ എഴുതി ചുരുട്ടി ഓരൊ പെട്ടിയിലിട്ട് ഓരൊരുത്തരും ഓരോന്ന് വീതം എടുത്തിരുന്നു. ഇപ്രകാരം ചെയ്യുന്നതുകൊണ്ട് ഓരോരുത്തർക്കും രണ്ട് വലന്റയിൽ വീതം ഉണ്ടായിരുന്നു. മിക്കപ്പോഴും ആൺകുട്ടികൾ അവരുടെ പേരു കിട്ടിയ പെൺകുട്ടിയെ വലന്റയിൻ ആക്കാനാണു അവർക്ക് പേർ വീണുകിട്ടിയ പെൺകുട്ടിയെക്കാൾ ഇഷ്ടപെട്ടിരുന്നത്. അന്നേ ദിവസം ആദ്യം കാണുന്ന അവിവാഹിതനായ പുരുഷനോ, സ്ത്രീയോ അവരവരുടെ വലന്റയിൻ ആയിരിക്കുമെന്നുള്ള വിശ്വാസവും നിലവിലിരുന്നു.

ഷേക്സ്പിയറുടെ ഹാംലറ്റ് എന്ന നാടകത്തിൽ വലന്റയിൻ ഡെയെപ്പറ്റി പറയുന്നുണ്ട്. അതുകൊണ്ട് ഈ ആചാരം അന്നും പ്രസിദ്ധമായിരുന്നു എന്നു കണക്കാക്കാം. പ്രസ്തുത നാടകത്തിൽ തനിക്ക് പ്രിയമുള്ള ഒരാളിനെ കാണാൻ വേണ്ടി ഒഫേലിയ പറയുന്നു. 'നാളെ വലന്റയിൻ ദിവസമാണു, എന്റെ

കിളിവാതിലിനരികെ വിടർന്നനു മിഴികളുമായി ഞാൻ നേരത്തെ നിൽപ്പുറപ്പിക്കും, നിന്റെ വലന്റയിൻ ആകാൻ.

വലന്റയിൻ ദിവസം താക്കോൾ പഴുതിലൂടെ ഒരു പെൺകുട്ടി നോക്കുമ്പോൾ ഒറ്റക്ക് ഒരു വസ്തുവിനേയോ ഒരു വ്യക്തിയേയോ കണ്ടാൽ ആ വർഷം അവളുടെ വിവാഹം നടക്കുകയില്ല എന്ന വിശ്വാസവുമുണ്ടായിരുന്നു. മറിച്ച് രണ്ട് വസ്തുക്കളെ കണ്ടാൽ തീർച്ചയായും അവൾ ഒരാളുടെ പ്രേമഭാജനമാകുമെന്നും ആ വർഷം തന്നെ മംഗല്യം നടക്കുമെന്നും പെൺകുട്ടികൾ കണക്ക് കൂട്ടിയിരുന്നു.

മനസ്സിനു ധൈര്യവും മനസ്സിലെ ആശകൾ അടക്കാനുള്ള കഴിവ് കുറവുമുള്ള പെൺകുട്ടികൾക്ക് അവളുടെ ഭാവി വരന്റെ രൂപം കാണാനും ഒരു മാർഗ്ഗമുണ്ടായിരുന്നു. ഒറ്റക്ക് അർദ്ധരാത്രി താഴെ പറയുന്ന വരികൾ മന്ത്രിച്ചുകൊണ്ട് പന്ത്രണ്ട് തവണ പള്ളിക്ക് ചുറ്റും പ്രദിക്ഷണം വക്കുക.

*I swo Hemseed,*

*Hemseed I sow*

*He that loves me*

*Best come after me now*

വാകമരത്തിന്റെ ഇലകൾ തലയണയുടെ നാലു ഭാഗത്തും മദ്ധ്യത്തിലും വച്ച് ഉറങ്ങാൻ കിടന്നാൽ ഭാവി വരനെ സ്വപ്നം കാണുമെന്ന് പെൺകുട്ടികൽ വിശ്വസിച്ചിരുന്നു. അത്തരം പരീക്ഷണങ്ങൾ നടത്തിയിരുന്നു.

കുരുവികൾ കൂടു കൂട്ടുകയും കൂടെ പൊറുക്കാൻ ഇണകളെ തേടുകയും ചെയ്തിരുന്നത് ഫെബ്രുവരി 14 നാണെന്നു ഗ്രാമീണ ജനത വിശ്വസിച്ചുപോന്നിരുന്നു.

കുരുവികളുടെ പ്രേമത്തെപ്പറ്റി കവികളും കലാകാരന്മാരും മനോഹരമായി പലയിടത്തും പാടിയിട്ടുണ്ട്. ചൂളം കുത്തി പതഞ്ഞൊഴുകുന്ന കാട്ട് ചോലക്കരികിലുള്ള മരത്തിന്റെ ഒന്നാം കൊമ്പത്ത് വന്നിരുന്ന ഒരു ആൺക്കിളി പുന്നാരം ചോദിക്കുന്നു. 'മഞ്ഞു പെയ്യുന്നു മാമരം കോച്ചുന്നു നെഞ്ചകത്തെഞ്ഞാനും ചൂടുണ്ടൊ? അങ്ങേ കൊമ്പിലെ ചങ്ങാതിക്കിളി അതുകേട്ട് വ്രീളവിവശയാകുന്നു. അവർ തമ്മിൽ കൊക്കും ചിറകും ഉരുമ്മുന്നു. ആ ഇണകുരുവികളുടെ പ്രേമ സല്ലാപവും പിന്നെ അവർക്കേറ്റ ദുരന്തവും കണ്ട് ആദ്യ കവിയുടെ ചുണ്ടുകളിൽ നിന്നും കവിതാ ശകലങ്ങൾ മുളപൊട്ടി. പ്രക്രുതിയിൽ പ്രേമത്തിന്റെ പൂമ്പൊടി പൂശികൊണ്ട് കിളികളും, മൃഗങ്ങളും, സമ്മേളിക്കുന്നു. അതുകൊണ്ട് തന്നെ യുവതീയുവാക്കളും അന്നേ ദിവസം പ്രേമത്തിന്റെ സന്ദേശങ്ങൾ  കൈമാറണമെന്ന് നിഷ്ക്കളങ്കരായ ഗ്രാമീണർ ആഗ്രഹിക്കുകയും വലന്റയിൻ എന്ന ആചാരം ബലപ്പെടുകയും ചെയ്തു.

വലന്റയിനായി തിരഞ്ഞെടുക്കുന്നവർക്ക് സമ്മാനങ്ങളും പ്രേമകവിതകളുമൊക്കെനു സമ്മാനിച്ചിരുന്നു. ലണ്ടനിലെ ഒരു പ്രഭുവിന്റെ വലന്യയിനായി തിരഞ്ഞെടുക്കപ്പെട്ട ഒരു സ്ത്രീക്ക്  നാലായിരം ഡോളറോളം വില വരുന്ന രത്നഖചിതമായ ഒരു ആഭരണം അദ്ദേഹം നൽകിയെന്നും പക്ഷെ പിന്നത്തെ വർഷം ആ സ്ത്രീ അത്രക്ക് ഭാഗ്യവതി അല്ലായിരുന്നെന്നും ആവർഷം അവരുടെ പേർ വീണു കിട്ടിയ  വേറൊരു പ്രഭു അവർക്ക് ആയിരത്തിയഞ്ഞൂറു ഡോളർ വിലമതിക്കുന്ന ഒരു മോതിരം ആണു കൊടുത്തതെന്നും പറയപ്പെടുന്നു.

1415 ൽ നടന്ന അജിൻ കോർട്ട് യുദ്ധത്തിൽ തടവ്കാരനായി കഴിയേണ്ടി വന്ന ചാൾസ് പ്രഭു

അദ്ദേഹത്തിന്റെ പ്രിയ പത്നിക്ക് ജയിലിൽ നിന്നും പ്രേമ നിർഭരമായനു കവിതകൾ എഴുതി അയച്ചിരുന്നുപോലും. പ്രേമഭാജനങ്ങൾക്ക് അനുരാഗ കവിതാ ശകലങ്ങൾ കുറിക്കുന്നത് തുടങ്ങി വച്ചത് പ്രസ്തുത പ്രഭുവായിരിക്കുമെന്നു കരുതാം.

പക്ഷെ പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ വലന്റയിൻ കാർഡും വലന്റയിൻ സമ്മാനങ്ങളും അയക്കുന്ന രീതിയിൽ മാറ്റം വന്നു. അനുരാഗ സുരഭിലമായ വരികൾക്ക് പകരം പ്രേമ സന്ദേശങ്ങളും അവക്കുള്ള മറുപടിയും വലന്റയിൻ കാർഡിൽ സ്ഥാനം പിടിച്ചു. ഇത്തരം സന്ദർഭങ്ങളിൽ ഉപയോഗിക്കാൻ എഴുത്തുക്കാർ അവരുടെ പ്രേമഗീതങ്ങൾ എഴുതി പ്രസിദ്ധീകരിച്ചു. പ്രേമഭാജനങ്ങൾക്ക് അയക്കാൻ വേണ്ടി വർണ്ണ കടലാസ്സുകളിൽ കാമുകി കാമുകന്മാർ അത് പകർത്തി എഴുതി. അതേപോലെ ആവനാഴിയിൽ അമ്പും വില്ലുമായിനു നിൽക്കുന്ന റോമാക്കാരുടെ കാമദേവൻ ക്യുപ്പിഡിന്റെ ചിത്രം ഒട്ടിച്ച കാർഡുകൾ യുവതീയുവാക്കന്മാർ പരസ്പരം കൈമാറി. ആ പടം നോക്കി ക്യുപ്പിഡ് മലരമ്പുകൾ അയക്കുന്നുവെന്നും മേനിയിൽ അതിന്റെ മുന കൊള്ളുന്നുവെന്നും അനുഭവപ്പെട്ടാൽ ഉടനെ അവർ പ്രേമബദ്ധരാകുമെന്നാണു സങ്കൽപ്പം..

ഇപ്പോൾ ആശംസ കാർഡുകൾ കച്ചവടക്കാരന്റെ പണപ്പെട്ടി നിറക്കുന്നു. ആ കാർഡുകളിൽ എഴുതിച്ചേർക്കാൻ പ്രണയസുധ തുളുമ്പുന്ന വരികൾ രചിക്കുന്നവർക്ക് കീശ നിറയെ കാശ്.

വലന്റയിൻ ആയി ഒരാളെ തിരഞ്ഞെടുക്കുന്നത് കൊണ്ട് ആ ആളിനെ വിവാഹം കഴിക്കണമെന്നോ അവരുമായി രഹസ്യങ്ങൾ പങ്കിടണമെന്നോ എന്നൊന്നും പറയുന്നില്ല. ഒരു പ്രേമ വിനോദമായി ഇതിനെ കണക്കാക്കാം.

ഹൃദയത്തിന്റെ ആക്രുതിയിലുള്ള പെട്ടിയിൽ നിറച്ച ചോക്ലേറ്റും, പതക്കങ്ങളും, മലർ ചെണ്ടുകളും ഒക്കെ ഇന്ന് സമ്മാനമായി അയക്കുന്നുണ്ട്. ഒരിക്കൽ പത്നിമാർക്കും പ്രേമഭാജനങ്ങൾക്കും മാത്രമേ അയച്ചിരുന്നുള്ളു.

പൊന്നും വളയിട്ട കൈകൾ കരളിലെ മാനിനു കറുക നീട്ടുന്ന കനക പുലരികൾ സ്വപ്നം കാണുന്ന എല്ലാ പ്രേമാർദ്രമായ ഹ്രുദയങ്ങൾക്കും ഈ വരികൾ സമർപ്പിക്കുന്നു.

*************

